**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** — **11-09-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികൾക്ക് കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സേവനങ്ങളും ആനുകൂല്യങ്ങളും തൊഴിലാളികളിലേയ്ക്ക് എത്തിക്കാനും പരാതികളും തർക്കങ്ങളും പരിഹരിച്ച് തൊഴിലിടങ്ങളിൽ സൗഹാർദ്ദപരമായ അന്തരീക്ഷം നിലനിർത്തുന്നതിനും ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ വികസിപ്പിച്ചെടുത്ത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തൊഴിൽ വകുപ്പിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂളും തൊഴിൽ സേവാ ആപ്പും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | എങ്കിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | സ്ഥാപന പരിശോധനയ്ക്കായി ലേബർ കമ്മീഷണറുടെ അനുമതിയ്ക്കു വേണ്ടി കംപ്ലയിന്റ് മാനേജ്മെന്റ് മൊഡ്യൂളിലൂടെ സബ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് അനുമതി നൽകുകയും തൊഴിൽ സേവാ ആപ്പ് മുഖേന ലഭിക്കുന്ന പരാതികൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന പരിഹാരം നൽകുകയും ചെയ്യുന്നു. |
| (സി) | തൊഴിൽ സംബന്ധമായ പരാതികൾ നൽകുന്നതിനും പരിഹാരം കാണുന്നതിനുമായി ആവിഷ്കരിച്ച കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂൾ ഇതിനായി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശം നൽകാമോ; | (സി) | കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂൾ മുഖേന ലഭിക്കുന്ന അപേക്ഷകൾക്ക് സ്ഥാപന പരിശോധനയ്ക്കായി അനുമതി നൽകുന്നത് വഴി തൊഴിലാളികളുടെ മിനിമം വേതനം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ? | (ഡി) | ഉണ്ട്.<br><br>അസംഘടിത മേഖലയിലെ തൊഴിലാളി-കളുടെ നാഷണൽ ഡാറ്റാ ബേസിന്റെ ഭാഗമായി കേന്ദ്ര തൊഴിൽ മന്ത്രാലയം വികസിപ്പിച്ചെടുത്തിട്ടുള്ള **ഇ-ശ്രം** പോർട്ടൽ മുഖേന 59,13,632 തൊഴിലാളികൾ 09/8/2023 തീയതി വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

തൊഴിൽ മേഖല തിരിച്ചുള്ള വിവരം **അനുബന്ധം-I ആയി** ചേർത്തിരിക്കുന്നു.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അസംഘടിത തൊഴിലാളികളുടെ എണ്ണം **അനുബന്ധം-II ആയി** ചേർത്തിരിക്കുന്നു.

രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനായി ക്യാംപ് സിറ്റിംഗ്, ഓൺലൈൻ രജിസ്ട്രേഷൻ, ട്രേഡ് യൂണിയൻ മീറ്റിംഗുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷൻ, വിവരശേഖരണം, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ ലക്ഷ്യമാക്കി **ആവാസ് പദ്ധതി** നടപ്പിലാക്കി വരുന്നു. 2017 നവംബർ 1-ന് ആവാസ് കാർഡ് വിതരണം ആരംഭിക്കുകയും 2022 ആഗസ്റ്റ് 31 വരെ ആകെ 5,16,320 അതിഥി തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിക്കാറുണ്ട്. തൊഴിലാളി സംഘടനകളുടെ യോഗം സംഘടിപ്പിച്ച് വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ചും അംഗങ്ങളെ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ചും അറിയിപ്പുകൾ നൽകാറുണ്ട്. ഇതിൻ പ്രകാരം അംഗങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. നിലവിൽ 20,73,301 അംഗങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനാണ് കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ നടത്തിപ്പ് ചുമതല. 2010-ൽ ആരംഭിച്ച ടി പദ്ധതിയുടെ രജിസ്ട്രേഷൻ മന്ദഗതിയിലായിരുന്ന-തിനാൽ ഗസ്റ്റ് ആപ്പ് മുഖാന്തിരം രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തി-യിരുന്നു. അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ നേരിട്ട് പോയി മൊബൈൽ ഫോൺ മുഖാന്തിരം ഫോട്ടോയെടുത്ത് ഗസ്റ്റ് ആപ്പ് മുഖേന രജിസ്ട്രേഷൻ നടത്തുകയും, തൊഴിലാളി-കൾക്ക് തിരിച്ചറിയൽ കാർഡ് തൊഴിലാളികളുടെ വാട്സ് ആപ്പ് നമ്പറിൽ തന്നെ ലഭ്യമാക്കുന്ന സംവിധാനമാണ് ടി ആപ്പിലുള്ളത്. ഇതിലൂടെ 1,08,503 അംഗങ്ങളെ രജിസ്റ്റർ

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. കൂടാതെ നേരിട്ടുള്ള രജിസ്ട്രേഷൻ വഴി രജിസ്റ്റർ ചെയ്ത അംഗങ്ങളെയും ചേർത്ത് ആകെ 1,64,761 അംഗങ്ങളാണുള്ളത്. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ഉള്ള ആനുകൂല്യങ്ങളെക്കുറിച്ച് അതിഥി തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| | |
|---|---|
| കാർഷികം | 1558970 |
| ഗാർഹിക തൊഴിലാളികൾ | 793365 |
| വസ്ത്രമേഖല | 782036 |
| കെട്ടിട നിർമ്മാണം | 743286 |
| വിവിധം | 485416 |
| ഓട്ടോമൊബൈൽ ആന്റ് ട്രാൻസ്പോർട്ടേഷൻ | 434571 |
| വിദ്യാഭ്യാസം | 167579 |
| ആരോഗ്യം | 155237 |
| അഡ്മിനിസ്ട്രേഷൻ ആന്റ് ഫെസിലിറ്റി മാനേജ്മെന്റ് | 127561 |
| ക്യാപിറ്റൽ ഗുഡ്സ് | 126646 |
| റീട്ടെയിൽ | 111989 |
| ഇലക്ട്രോണിക്സ് & ഹാർഡ് വെയർ | 103082 |
| ഹാന്റിക്രാഫ്റ്റ്സ് & കാർപ്പെറ്റ്സ് | 67487 |
| ടൂറിസം & ഹോസ്പിറ്റാലിറ്റി | 49052 |
| ഫുഡ് ഇൻഡസ്ട്രി | 43378 |
| പ്രൊഫഷണൽസ് | 38825 |
| ബ്യൂട്ടി & വെൽനെസ് | 31313 |

| | |
|---|---|
| പ്രിന്റിംഗ് | 17379 |
| ടുബാക്കോ ഇൻഡസ്ട്രീസ് | 15824 |
| ലെതർ ഇൻഡസ്ട്രി വർക്ക്സ് | 12146 |
| ടെക്സ്റ്റൈൽ & ഹാന്റ് ലൂംസ് | 10799 |
| ജെം & ജ്വലറി | 9275 |
| വുഡ് & കാർപെന്ററി | 5583 |
| പ്രൈവറ്റ് സെക്യൂരിറ്റി | 5444 |
| ഓർഗനൈസ്ഡ് റീട്ടെയിൽ | 4994 |
| ബി.എഫ്.എസ്.ഐ | 3641 |
| മൈനിംഗ് | 3228 |
| സർവ്വീസ് | 2102 |
| മ്യൂസിക്കൽ ഇൻസ്ട്രുമെന്റ്സ് | 1946 |
| ഗ്ലാസ്സ് & സെറാമിക്സ് | 425 |
| മറ്റുള്ളവ | 1053 |
| **ആകെ** | **5913632** |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

| | |
|---|---|
| കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 728350 |
| കേരള ബീഡി –ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 4247 |
| കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 67407 |
| കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 11208 |
| കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്<br>അറ്റാച്ച്ഡ്<br><br>അൺഅറ്റാച്ച്ഡ് | 49<br><br>10353 |
| കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 494792 |
| കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 857938 |
| കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 533895 |
| കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 88746 |
| കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 18732 |
| കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 20335 |
| കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 653601 |
| **ആകെ** | **3489653** |

**സെക്ഷൻ ഓഫീസർ**